പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 70

# 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

1688/2021.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 70

# 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

1688/2021.

<u>പതിനഞ്ചാം കേരള നിയമസഭ</u>

<u>ബിൽ നമ്പർ 70</u>

# 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

1975-ലെ കേരള തൊഴിലാളി ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

<u>പീഠിക</u>.—1975-ലെ കേരള തൊഴിലാളി ക്ഷേമനിധി ആക്റ്റ് (1977-ലെ 11) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ ആക്റ്റിന് 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2020 ജനുവരി 16-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. <u>15-ാം വകുപ്പിനുള്ള ഭേദഗതി</u>.—1975-ലെ കേരള തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1977-ലെ 11) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(i) "നാല് രൂപ" എന്ന വാക്കുകൾക്ക് പകരം " നാല്പത്തി അഞ്ച് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "എട്ട് രൂപ" എന്ന വാക്കുകൾക്ക് പകരം " നാല്പത്തി അഞ്ച് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 120) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1975-ലെ കേരള തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ 15-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, ഓരോ തൊഴിലാളിയും അർദ്ധവർഷത്തേക്ക് നാല് രൂപ ഫണ്ടിലേക്ക് അംശദാനം നൽകേണ്ടതും ഓരോ തൊഴിലുടമയും അങ്ങനെയുള്ള ഓരോ തൊഴിലാളിയേയും സംബന്ധിച്ച് അർദ്ധ വർഷത്തേക്ക് എട്ട് രൂപ ഫണ്ടിലേക്ക് അംശദാനം നൽകേണ്ടതുമാകുന്നു എന്ന് വ്യവസ്ഥ ചെയ്യുന്നു.

2. നിധിയുടെ വരുമാനം തികച്ചും അപര്യാപ്തമായതിനാൽ, ബോർഡിന്റെ സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി, തൊഴിലാളികൾ അടയ്ക്കേണ്ട അംശദായം നാലു രൂപയിൽ നിന്നും നാൽപ്പത്തി അഞ്ച് രൂപയായും തൊഴിലുടമ അടയ്ക്കേണ്ട അംശദായം എട്ടു രൂപയിൽ നിന്നും നാൽപ്പത്തി അഞ്ച് രൂപയായും വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചു. ആയതിനാൽ ആക്റ്റിൽ അനുയോജ്യമായ ഭേദഗതി കൊണ്ടുവരുവാൻ തീരുമാനിച്ചു.

3. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2020-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് 2020 ജനുവരി 16-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020 ജനുവരി 16-ാം തീയതിയിലെ 115-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2020-ലെ 8-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

4. 2020 ജനുവരി 29-ാം തീയതി ആരംഭിച്ച് 2020 ഫെബ്രുവരി 12-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ 248-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് കേരള സംസ്ഥാന നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

5. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2020-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് 2020 ഫെബ്രുവരി 17-ാം തീയതി

കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020 ഫെബ്രുവരി 18-ാം തീയതിയിലെ 540-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2020-ലെ 11-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

6. 2020 മാർച്ച് 2-ാം തീയതി ആരംഭിച്ച് 2020 മാർച്ച് 13-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ കേരള നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

7. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2020-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് 2020 മാർച്ച് 31-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020 മാർച്ച് 31-ാം തീയതിയിലെ 1013-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2020-ലെ 25-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

8. 2020 ആഗസ്റ്റ് 24-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ കേരള നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

9. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2020-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് 2020 സെപ്റ്റംബർ 26-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020 സെപ്റ്റംബർ 29-ാം തീയതിയിലെ 2223-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2020-ലെ 67-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

10. 2020 ഡിസംബർ 31-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിലും 2021 ജനുവരി 8-ാം തീയതി ആരംഭിച്ച് 2021 ജനുവരി 22-ാം തീയതി അവസാനിച്ചതുമായ കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിലും പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ കേരള നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

11. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് 2021 ഫെബ്രുവരി 9-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ഫെബ്രുവരി 9-ാം തീയതിയിലെ 657-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 7-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

12. 2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

13. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് 2021 ജൂലൈ 1-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ജൂലൈ 2-ാം തീയതിയിലെ 1923-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 57-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

14. 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

15. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് 2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ആഗസ്റ്റ് 24-ാം തീയതിയിലെ 2463-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 120-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

16. 2021-ലെ 120-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

വി. ശിവൻകുട്ടി.

//ശരിത്തർജ്ജമ//

# 1975-ലെ കേരള തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ (1977-ലെ 11) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

15. തൊഴിലാളികളും തൊഴിലുടമകളും ഫണ്ടിലേക്ക് നൽകുന്ന അംശദാനം.—(1)ഓരോ തൊഴിലാളിയും അർദ്ധവർഷത്തേക്ക് നാല് രൂപ ഫണ്ടിലേക്ക് അംശദാനം നൽകേണ്ടതും ഓരോ തൊഴിലുടമയും അങ്ങനെയുള്ള ഓരോ തൊഴിലാളിയേയും സംബന്ധിച്ച് അർദ്ധ വർഷത്തേക്ക് എട്ട് രൂപ ഫണ്ടിലേക്ക് അംശദാനം നൽകേണ്ടതുമാകുന്നു.

(2) ഓരോ തൊഴിലുടമയും ഓരോ വർഷവും ജൂലൈ 15-ാം തീയതിക്കും ജനുവരി 15-ാം തീയതിക്കും മുമ്പ് തൊഴിലുടമയുടെ അംശദാനവും തൊഴിലാളിയുടെ അംശദാനവും ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

(3) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, തൊഴിലാളിയുടെ അംശദാനം അയാളുടെ വേതനത്തിൽ കുറവു വരുത്തിയോ അഥവാ നിർണ്ണയിക്കപ്പെടാവുന്ന മറ്റുവിധത്തിലോ തൊഴിലാളികളിൽ നിന്ന് വസൂലാക്കുന്നതിന് തൊഴിലുടമയ്ക്ക് അവകാശമുണ്ടായിരിക്കുന്നതും, അങ്ങനെയുള്ള കുറവു വരുത്താൻ വേതനം നൽകുന്നത് സംബന്ധിച്ച 1936-ലെ ആക്റ്റ് (1936-ലെ 4-ാം കേന്ദ്ര ആക്റ്റ്) മൂലമോ അതുപ്രകാരമോ അധികാരപ്പെടുത്തപ്പെട്ട ഒരു കുറവു വരുത്തലായി കരുതേണ്ടതുമാകുന്നു.

** ** ** **